TO
FMIS
[handwritten date]

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 27.08.2019

### പമ്പാമണൽ ഇ-ലേലം ചെയ്യുന്നു

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും അരീക്കക്കാവ് ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 27,30 സെപ്തംബർ 19,26, ഒക്ടോബർ 15,24 നവംബർ 7,21 ഡിസംബർ 10,23 തീയതികളിൽ നടക്കും. 10 ക്യുബിക് മീറ്റർ മണൽ വീതമുള്ള 40 ലോട്ടുകൾ, 5 ക്യുബിക് മീറ്ററിന്റെ 15 ലോട്ടുകൾ,ഒരു ക്യുബിക് മീറ്ററിന്റെ 25 ലോട്ടുകൾ എന്നിങ്ങനെയാണ് ലേലം നടക്കുക. കെട്ടിടനിർമ്മാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ-ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ-0475-2222617), ഗവ തടി ഡിപ്പോ അരീക്കക്കാവ് (ഫോൺ :8547600535 ) നിന്നോ അറിയാവുന്നതാണ്.

### തേക്ക് തടി ചില്ലറ വിൽപന

പത്തനാപുരം, കോന്നി, തുയ്യം തടി ഡിപ്പോകളിൽ നിന്ന് ഗാർഹികാവശ്യങ്ങൾക്കായി സെപ്തംബർ 3 മുതൽ തേക്കുതടികളുടെ ചില്ലറ വിൽപ്പന ആരംഭിക്കും. വീട് നിർമ്മിക്കുന്നതിനായി അംഗീകരിച്ച പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പും അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പും തിരിച്ചറിയൽ കാർഡുമായി എത്തിയാൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ ഡിപ്പോകളിൽ നിന്നും 5 ക്യു.മീറ്റർ വരെ തേക്കുതടി നേരിട്ടു വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പത്തനാപുരം തടി ഡിപ്പോ ( ഫോൺ 8547600766,0475-2354730) തുയ്യം തടി ഡിപ്പോ - (ഫോൺ 85476005270), കോന്നി തടി ഡിപ്പോ - (ഫോൺ 8547600530 , 0468 2247927) പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ-0475-2222617)എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

[signature]

പബ്ലിക് റിലേഷൻസ് ഓഫീസർ